I.T. Starred & Unstarred on 25.6.13

## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 331

25.06.2013ൽ മറുപടിക്ക്.

### സംയുക്ത വ്യവസായ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. എ. വാഹീദ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാനത്ത് സംയുക്ത വ്യവസായ സംരംഭങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്നുള്ള സംയുക്ത സംരംഭങ്ങൾ, വിപണന വിപുലീകരണം, ഉൽപ്പാദന വർദ്ധന എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകി നടപടികൾ സ്വീകരിച്ചുവരികയാണ്. |
| ബി) ഏതെല്ലാം മേഖലകളിലാണ് ഇത്തരം വ്യവസായങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>സി) ഇതിനായി എന്തെല്ലാം പ്രാരംഭ ചർച്ചകൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;<br><br>ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ബി), സി) & ഡി)<br>കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി പരിഗണിച്ചുവരുന്ന മേഖലകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>• കേന്ദ്ര സർക്കാർ സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡുമായി ചേർന്ന് ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി.<br>• സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് മലബാർ സിമന്റ്സിന് ക്ലിങ്കർ ലഭ്യമാക്കി ഉൽപ്പാദനം ഇരട്ടിയാക്കുന്നതിനുള്ള പദ്ധതി.<br>• കൊച്ചിൻ പോർട്ട് ട്രസ്റ്റുമായി സഹകരിച്ച് മലബാർ സിമന്റ്സ് ലിമിറ്റഡ് ഒരു സിമന്റ് ലോജിസ്റ്റിക്സ് ഹബ് ആരംഭിക്കുന്ന പദ്ധതി.<br>• സ്റ്റേറ്റ് ട്രേഡിങ് കോർപ്പറേഷനുമായി സഹകരിച്ച് ആവശ്യമായ കശുവണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിനുള്ള പദ്ധതി. |

- സ്റ്റേറ്റ് ട്രേഡിങ് കോർപ്പറേഷനുമായി സഹകരിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾക്കാവശ്യമായ ഇൽമെനൈറ്റ്, ക്ലിങ്കർ, ലൈംസ്റ്റോൺ എന്നിവ ഇറക്കുമതി ചെയ്യാനുള്ള പദ്ധതി.
- MSTC Ltd-ന്റെ സഹായത്തോടുകൂടി സ്ക്രാപ്പ്, കോൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള പദ്ധതി.
- എൻ.സി.ഡി.സി വഴി ടെക്സ്റ്റയിൽ മില്ലുകൾക്കുവേണ്ടി പ്രവർത്തന മൂലധന സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി.

സെക്ഷൻ ഓഫീസർ